**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 843** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ചികിത്സ ധനസഹായ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് സർക്കാർ നൽകി വരുന്ന ചികിത്സാ ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (എ) | പട്ടികജാതി വിഭാഗം മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെ ആശുപത്രി മുഖാന്തിരം നൽകുന്നു. പട്ടികവർഗ്ഗ വിഭാഗം ടി വിഭാഗക്കാരുടെ ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയിൽ എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ അവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സനൽകി വരുന്നു. ചികിത്സാ ചെലവ് 50,000/-രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ചികിത്സാ ധനസഹായം അനുവദിക്കുന്ന തിനുള്ള |

| | | | |
|---|---|---|---|
| | | | വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ആശുപത്രി മുഖേന ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ